**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1188** **30-06-2026-ൽ മറുപടിയ്ക്ക്**

**കൃഷിയിൽ സ്വയംപര്യാപ്തത**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മാണി. സി. കാപ്പൻ ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കർഷകർക്ക് നിലവിൽ എന്തെല്ലാം സഹായങ്ങളാണ് ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ഭക്ഷ്യവിളകളായ നെല്ല്, പച്ചക്കറി, പഴവർഗ്ഗങ്ങൾ സുഗന്ധവിളകൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇവയിൽ നെൽ കൃഷി വികസന പദ്ധതി, പച്ചക്കറി കൃഷി വികസന പദ്ധതി, പഴ വർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസന പദ്ധതി, സുഗന്ധ വ്യഞ്ജനങ്ങളുടെ വികസന പദ്ധതി എന്നിവ ഉൾപ്പെടുന്നു. ചെറുധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, എണ്ണ കുരുക്കൾ എന്നിവയുടെ വിസ്തൃതി വർദ്ധനവിനായി നടത്തുന്ന പദ്ധതിയായ "വിള വൈവിധ്യവൽകരണം, വിള തീവ്രത, അവതരണം" എന്നതും നടപ്പിലാക്കി വരുന്നു. തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്രനാളികേരവികസന പദ്ധതി ഘടകങ്ങളായ കേരഗ്രാമം, ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത പരിപാലന മുറകൾ, പച്ചില വളപ്രയോഗം, ഇടവിള കൃഷി (കേര രക്ഷാ വാരം) എന്നിവ നാളികേര വികസന പദ്ധതിയിലൂടെ നടപ്പിലാക്കുന്നു. കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി കൃഷിയിടാധിഷ്ഠിത വികസന സമീപനത്തിന് 2022-23 സാമ്പത്തിക വർഷത്തിൽ തുടക്കമിട്ടു. ഈ പരിപാടിയുടെ ഭാഗമായി ഉൽപ്പാദനം, പ്രാഥമിക സംസ്കരണം, വിപണന പിന്തുണ എന്നിവ കാര്യക്ഷമമാക്കുന്നതിന് കർഷകരുടെ കൂട്ടായ്മകളായ എഫ് പി ഓ (FPO) കൾ/കമ്പനികൾ രൂപീകരിച്ചിട്ടുണ്ട്. കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ഫാം യന്ത്രവൽക്കരണ സഹായ പദ്ധതി കൃഷിവകുപ്പ് നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി കാർഷിക കർമ്മസേനകളും കൃഷിശ്രീ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. കൂടാതെ, കേന്ദ്രാവിഷ്കൃത SMAM പദ്ധതി മുഖേന കർഷകർക്കും കൂട്ടായ്മകൾക്കും ആവശ്യമായ യന്ത്രങ്ങൾ ലഭ്യമാക്കുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങളുടെ വിപണനവും മൂല്യവർദ്ധനവും ഉറപ്പാക്കുന്നതിനായി വിപണി വികസനം, വിലസ്ഥിരതയ്ക്കുള്ള വിപണി ഇടപെടൽ, വിളവെടുപ്പിന് ശേഷമുള്ള മൂല്യവർദ്ധനവ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നു. കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനായി Kerala Farm Fresh Base Price, പച്ച തേങ്ങ സംഭരണം, നെല്ല് സംഭരണം, റബ്ബർ ഉൽപ്പാദന പ്രോത്സാഹന പദ്ധതി

എന്നിവ നടപ്പിലാക്കുന്നു. ഗുണമേന്മയുള്ള ഉൽപ്പാദനോപാധികൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി വകുപ്പുതല ഫാമുകൾക്കും ലാബുകൾക്കും സഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നു. പ്രകൃതി ക്ഷോഭങ്ങളാൽ വിളകൾ നശിച്ച കർഷകർക്ക് നഷ്ടം ലഘൂകരിക്കുന്നതിനായി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, അടിയന്തിര കീടരോഗ നിയന്ത്രണ പരിപാടി, PMFBYയും Restructured Weather Based Crop Insurance Scheme-ഉം നടപ്പിലാക്കുന്നു.

കാർഷിക വിജ്ഞാന വ്യാപനവും മാനവശേഷി വികസനവും ലക്ഷ്യമാക്കി കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, കാർഷിക വിവരവും വിനിമയവും, മാനവശേഷി വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. 60 വയസ്സിന് മുകളിലുള്ള മുതിർന്ന കർഷകർക്ക് പ്രതിമാസം ₹2000/- കർഷക പെൻഷൻ നൽകുന്നു.

തോട്ടവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി Mission for Integrated Development of Horticulture, എണ്ണക്കുരു കൃഷിക്ക് National Mission for Edible Oil (NMEO), ഭക്ഷ്യധാന്യ കൃഷിക്ക് National Food Security and Nutrition Mission (NFSNM), സംയോജിത കൃഷിരീതികൾക്കായി Rainfed Area Development, ക്ലീൺ ഗ്രാമങ്ങൾ, RKVYയുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾ, Agriculture Infrastructure Fund, PM-Kisan തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കുന്നു.

പ്രകൃതി ദുരന്തങ്ങൾ മൂലം നാശനഷ്ടം നേരിട്ട ആസ്തികളുടെ പുനർനിർമ്മാണത്തിനായി Rebuild Kerala Initiative (RKI) നടപ്പിലാക്കുന്നു. കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിനായി RIDF മുഖേന പദ്ധതികൾ നടപ്പിലാക്കുന്നു. കാലാവസ്ഥാ അനുരോധിക പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് സുസ്ഥിര കാർഷിക വികസനത്തിനായി ലോക ബാങ്ക് സഹായത്തോടെയുള്ള KERA പദ്ധതിയും നടപ്പിലാക്കുന്നു.

**(ബി)** കൃഷി വ്യാപിപ്പിക്കുന്നതിനായി വിത്തുകളും മറ്റും കൃഷിഭവൻ വഴി കൃത്യമായി കർഷകർക്ക് നൽകിവരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കൃഷി വ്യാപിപ്പിക്കുന്നതിനായി വിത്തുകളും തൈകളും ഉൾപ്പടെയുള്ള വിവിധ ഉല്പാദനോപാധികൾ കർഷകർക്ക് കൃഷി ഭവനുകൾ വഴി ലഭ്യമാക്കുന്നുണ്ട്.

പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി ഓണകാലത്തെ വിളവെടുപ്പ് ലക്ഷ്യം വച്ച് കൃഷി ഭവനുകൾ വഴി പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി കർഷകർക്കും പൊതുജനങ്ങൾക്കും നൽകുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഈ പ്രവർത്തനം സഹായിക്കുന്നു. അത്യുല്പാദന ശേഷിയുള്ള വിത്തുകളും സങ്കരയിനം പച്ചക്കറി വിത്തുകളും 10 സെന്റിൽ കുറയാതെ കൃഷി ചെയ്യുന്ന കർഷകർക്കും വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകർക്കും മിതമായ നിരക്കിൽ നൽകുന്നു. കൂടാതെ, ദീർഘകാല പച്ചക്കറി വിളകളും കൃഷി ഭവനുകൾ വഴി വിതരണം ചെയ്തു വരുന്നു. വീടുകളിൽ പോഷക തോട്ടങ്ങൾ സ്ഥാപിക്കുന്നതിനും വിത്തുകളും, തൈകളും വിവിധ ഉല്പാദനോപാധികളും അടങ്ങിയ കിറ്റുകൾ കൃഷി ഭവനുകൾ വഴി നൽകുന്നു. ഭൂമിയുടെ ലഭ്യത കുറവുള്ള വ്യക്തികൾക്ക് മൺ ചട്ടികളിലും HDPE ചട്ടികളിലും പച്ചക്കറി കൃഷി ചെയ്യുന്നതിന് ആവശ്യമായ സഹായം നൽകി വരുന്നു.

നാളികേര വികസനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നാളികേര കൗൺസിലിന്റെ ഭാഗമായി തെങ്ങിൻ തൈകളുടെ (WCT/ സങ്കരയിനം/ കുറിയ ഇനം) വിതരണം കൃഷി ഭവനുകൾ മുഖേന നടത്തുന്നു.

ഫലവർഗ്ഗങ്ങളുടെ കൃഷി പ്രോൽസാഹനത്തിന്റെ ഭാഗമായി വിവിധ ഇനം ഫലവർഗ്ഗങ്ങൾ (തൈകൾ/ ഗ്രാഫ്റ്റുകൾ/ ലേയറുകൾ) സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നു.

നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് നെല്ല് വികസന പദ്ധതിയുടെ ഭാഗമായി സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ആവശ്യാനുസരണം നെൽ വിത്തും കൃഷി ഭവനുകൾ വഴി നൽകുന്നു.

മേൽ പറഞ്ഞവ കൂടാതെ മറ്റു ഉല്പാദനോപാധികളായ ജൈവ വളങ്ങൾ, കുമ്മായം, എന്നിവയും വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിലും ഉൾപ്പെടുത്തി കൃഷി ഭവനുകൾ മുഖേന നൽകുന്നുണ്ട്.

**(സി)** ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ?

**മറുപടി:** സംസ്ഥാനത്തു ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷരഹിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും ഭക്ഷ്യ കാർഷികോല്പാദനത്തിൽ സ്വാശ്രയശീലം വളർത്തുക, മണ്ണ് ജലസംരക്ഷണം ഉറപ്പാക്കുക, കാർഷിക ജൈവവൈവിധ്യവും സസ്യ ജൈവ വൈവിധ്യവും സംരക്ഷിക്കുക, കൃഷി, കന്നുകാലി പരിപാലനം, മീൻ വളർത്തൽ, കോഴി, താറാവ് വളർത്തൽ, തേനീച്ച വളർത്തൽ എന്നിവയടങ്ങിയ മിശ്രിത കൃഷി പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയ്ക്ക് ഊന്നൽ നൽകുന്നതിൻെറ ഭാഗമായി സംസ്ഥാന സർക്കാർ 10.02.2010 തീയതിയിലെ സ.ഉ.(അ)നമ്പർ 39/2010/കൃഷി പ്രകാരം ജൈവ കാർഷിക നയം രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി 2016 സാമ്പത്തിക വർഷം മുതൽ സംസ്ഥാനാവിഷ്കൃത പദ്ധതിയായ ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയും കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി, ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി, നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തു സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, കാലാവസ്ഥ വ്യതിയാനം നേരിടുന്നതിനുള്ള ശക്തമായ ഇടപെടലുകൾ തുടങ്ങിയവ ലക്ഷ്യമിട്ട് ജൈവ കൃഷി മിഷൻ സ.ഉ(കൈ)നം.102/2023/AGRI, തീയതി- 26/10/2024 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. ജൈവ കൃഷി മിഷന്റെ ഭാഗമായി ജൈവ കൃഷി വ്യാപകമാക്കുന്നതിനു പദ്ധതിയുണ്ട്.ജൈവ കാർഷിക മിഷന്റെ ആദ്യ ഘട്ടത്തിൽ ജൈവ കൃഷിത്തോട്ട മാതൃകകൾ സൃഷ്ടിക്കുകയും തുടർന്ന് ഓരോ വർഷവും കുറഞ്ഞത് 10,000ഹെക്ടറിൽ ജൈവ കൃഷി വ്യാപിപ്പിച്ചുകൊണ്ട് അഞ്ച് വർഷത്തിനുള്ളിൽ കുറഞ്ഞത് 50,000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി വ്യാപിപ്പിക്കുവാനാണ് മിഷന്റെ പ്രവർത്തനങ്ങൾ മുഖേന ലക്ഷ്യമിടുന്നത്.

മിഷന്റെ ലക്ഷ്യം കൈവരിക്കുന്നതിനായി എല്ലാ ജില്ലകളിലും നിലവിൽ ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും,ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി, നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് എന്നീ പദ്ധതികളെ സംയോജിപ്പിച്ച് കൊണ്ട് പ്രവർത്തനങ്ങൾ നടന്ന് വരുന്നു.

സംസ്ഥാനത്തു ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികളാണ് നിലവിൽ കൃഷി വകുപ്പ് മുഖേന കേരളത്തിൽ നടപ്പിലാക്കി വരുന്നത്.

**A) ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി**

ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയുടെ ഭാഗമായി എൻ.പി.ഒ.പി സർട്ടിഫിക്കേഷൻ (ഫാം സ്കോപ്പ് സർട്ടിഫിക്കേഷൻ, പ്രോസസ്സിംഗ് സ്കോപ്പ്, ട്രെയ്ഡ് സ്കോപ്പ്, മഷ്റൂം സ്കോപ്പ്) സംസ്ഥാനത്തു കൃഷി വകുപ്പ് മുഖേന കർഷകർക്ക് നൽകിവരുന്നു. ഉത്തമ കൃഷി മുറകൾ പാലിച്ച കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകരെ / കൃഷി കൂട്ടായ്മകളെ ക്ലസ്റ്ററുകളാക്കി പരിശീലനപരിപാടി/ ഉത്പാദനോപാധികളുടെ സംഭരണം/ സസ്യസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ/ പോഷക പരിപാലന രീതികൾ/ പച്ചിലവങ്ങളുടെ ഉപയോഗവും സ്വീകാര്യതയും

മെച്ചപ്പെടുത്തൽ, എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. ജൈവ ഉല്പന്നങ്ങളുടെ വിപണന സൗകര്യം ഒരുക്കുക, ജൈവസാക്ഷ്യപത്രം ലഭിച്ച ഉല്പന്നങ്ങൾക്ക് 10% പ്രൈസ് ഇൻസെൻറീവ് നൽകുക, ജൈവഉത്പന്നങ്ങളുടെ വിപണനത്തിനായി ലോജിസ്റ്റിക് സൗകര്യങ്ങൾ ഒരുക്കുക, കേരളഗ്രോ ഓർഗാനിക്, കേരളഗ്രോ ഗ്രീൻ എന്നീ ഉപ ബ്രാൻഡുകളിൽ വിപണനംനടത്തുക, മണ്ണിര കംമ്പോസ്റ്റ് യൂണിറ്റുകൾ ഉൾപ്പെടെയുള്ള ജൈവ ഉല്പാനദോപാധികളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുക, ബയോഗ്യാസ് പ്ലാന്റുകൾക്കു അധിക പിന്തുണ നൽകുക എന്നീ പ്രവർത്തനങ്ങൾ സംസ്ഥാനത്തു നടന്നുവരുന്നു. കൂടാതെ 2025-26 സാമ്പത്തിക വർഷത്തിൽ 650 ഫാമുകളിലായി 341.02623 ഹെക്ടർ കൃഷിയിടത്തിൽ NPOP സർട്ടിഫിക്കറ്റ് നൽകുവാൻ സാധിച്ചു.

2025-26 സാമ്പത്തിക വർഷത്തിൽ ജൈവകൃഷിയും ഉത്തമ കാർഷിക മുറകളും (GAP) പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ഘടകങ്ങൾ നടപ്പിലാക്കി. NPOP സർട്ടിഫിക്കേഷനുവേണ്ടി അംഗീകൃത ഏജൻസികൾ മുഖേന 650 യൂണിറ്റുകൾ ലക്ഷ്യമിട്ടതിൽ 610 യൂണിറ്റുകൾക്ക് സർട്ടിഫിക്കേഷൻ നൽകുകയും ഇതിനായി 57.868 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ഉത്തമ കാർഷിക മുറകൾ പാലിക്കുന്ന ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനായി 998 ക്ലസ്റ്ററുകൾ ലക്ഷ്യമിട്ടതിൽ 794 ക്ലസ്റ്ററുകൾ രൂപീകരിക്കുകയും 63.99873 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

ജൈവവള നിർമ്മാണ യൂണിറ്റുകൾക്ക് പ്രോജക്ട് അടിസ്ഥാനത്തിലുള്ള സഹായമായി 14.13 ലക്ഷം രൂപ ചെലവഴിച്ചു. കരാർ ജീവനക്കാരുടെ വേതനത്തിനായി 64.00906 ലക്ഷം രൂപ വിനിയോഗിച്ചു. കൂടാതെ, 2024-25 സാമ്പത്തിക വർഷത്തിലെ കമ്മിറ്റഡ് തുകയായി 80.18936 ലക്ഷം രൂപ ചെലവഴിച്ചു. മേൽ പ്രവർത്തനങ്ങൾക്കായി 2025-26 സാമ്പത്തിക വർഷത്തിൽ ആകെ 270ലക്ഷം രൂപ അനുവദിക്കുകയും 269.51865 ലക്ഷം രൂപ ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**<u>B) ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി (BPKP)</u>**

ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി മുഖേന സംസ്ഥാനത്തു 14 ജില്ലകളിലായി 82000 ഹെക്ടർ വിസ്തൃതിയിൽ 164 ക്ലസ്റ്ററുകളിലായി ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. ബ്ലോക്ക് തലത്തിൽ ഒരു ക്ലസ്റ്ററിന് ചുരുങ്ങിയത് 500 ഹെക്ടർ വീതം ആകെ 164 ക്ലസ്റ്ററുകൾ വഴിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.ഇതിനായി ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം26.52ലക്ഷം രൂപയും രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.85 ലക്ഷം രൂപയും വീതം ധനസഹായമായി നൽകുന്നു.അങ്ങനെ ആകെ 62.22 ലക്ഷം രൂപ ടി പദ്ധതി പ്രകാരം ഓരോ ക്ലസ്റ്ററിനും ലഭിക്കുന്നു.പദ്ധതിയുടെ ഭാഗമായി കർഷകർക്ക് എക്സ്പോഷർ വിസിറ്റ്, കപ്പാസിറ്റി ബിൽഡിംഗ് പരിശീലനം, കിസാൻ മേള പോലുള്ള പ്രോത്സാഹന പ്രചരണ പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിന് വേണ്ടി മോഡൽ പ്ലോട്ടുകളും, അതാത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിന് പ്ലോട്ടുകളും, പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് മാതൃക കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ടി പദ്ധതി പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയിലെ ഗ്രൂപ്പുകൾക്ക് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ മൂന്നാം വർഷം കർഷകർക്ക് അവരുടെ ജൈവ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് വേണ്ടി കർഷകർ അംഗങ്ങളായ ഗ്രൂപ്പുകൾക്ക് PGS ഇന്ത്യ ഓർഗാനിക് സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ആയതിന്റെ ഭാഗമായി 2025-26 സാമ്പത്തിക വർഷത്തിൽ പദ്ധതിയുടെ രണ്ടാം വർഷ പ്രവർത്തനങ്ങളുടെ ഭാഗമായി 51145.18 ഹെക്ടറിലെ 157365 കർഷകർ അംഗങ്ങളായ 2655 ഗ്രൂപ്പുകൾക്ക് PGS ഗ്രീൻ സർട്ടിഫിക്കറ്റ് നാളിതുവരെ നൽകിയിട്ടുണ്ട്. കൂടാതെ 82 കിസാൻ മേളകൾ 1589 ഫീൽഡ് തല ഉദ്യോഗസ്ഥരുടെയും പ്രവർത്തകരുടെയും ശേഷി വർദ്ധനവ്, അനുഭവ പഠന സന്ദർശനങ്ങൾ, പരിശീലന പരിപാടികൾ എന്നിവയും നടത്തിയിട്ടുണ്ട്.

മേൽ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷത്തിൽ ആകെ 1982.52000 ലക്ഷം രൂപ അനുവദിക്കുകയും 1443.35624 ലക്ഷം രൂപ ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**C) <u>നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (NMNF)</u>**

പ്രകൃതി കൃഷി എന്നത് കുറഞ്ഞ നിക്ഷേപവും കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ളതും പരിസ്ഥിതി സൗഹൃദവുമായ ഒരു കൃഷി രീതിയാണ്. രാസവളങ്ങളും കീടനാശിനികളും പോലുള്ള കൃത്രിമ ഉൽപ്പന്നങ്ങളുടെ ഉപയോഗം പൂർണമായും ഒഴിവാക്കി,മണ്ണിന്റെ ജൈവിക പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുന്നതിനായി ജൈവ ഉത്തേജകങ്ങൾ,വിള വൈവിധ്യവൽക്കരണം, ജൈവ വസ്തുക്കളുടെ പുനഃചംക്രമണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതാണിത്.

ഈ ലക്ഷ്യങ്ങൾ മുൻനിർത്തി കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ സംസ്ഥാനത്ത് കേരള മോഡൽ ഉത്തരവാദിത്ത പ്രകൃതി കൃഷി ഉപമിഷൻ (KMRNF), നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (NMNF) പദ്ധതിയുടെ ഭാഗമായി കേരളത്തിൽ നടപ്പിലാക്കി വരുന്നു. 14 ജില്ലകളിലായി 50ഹെക്ടർ വീതം വിസ്തൃതിയുള്ള 102 ക്ലസ്റ്ററുകളിലായി 5100ഹെക്ടർ വിസ്തൃതിയിൽ പ്രകൃതി കൃഷി നടപ്പിലാക്കി വരുന്നു. പ്രകൃതി കൃഷി കൂടുതൽ കർഷകരിലേക്ക് എത്തിക്കുന്നതിന് പരിശീലനപരിപാടികൾ നടത്തി വരുന്നു, കൂടാതെ പ്രകൃതി കൃഷിയ്ക്കായുള്ള ഉല്പാദനോപാധികൾ നിർമ്മിക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ട ബയോ-ഇൻപുട്ട് റിസോഴ്സ് സെന്ററുകൾ (BRCs) പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. കൂടാതെ 2026-27 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാനത്തിന് 27 പുതിയ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനും, 3,375 പുതിയ കർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും, അധികമായി 1,350 ഹെക്ടർ വിസ്തൃതിയിൽ പദ്ധതി വ്യാപിപ്പിക്കുന്നതിനും, 54 കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരെ (CRPs) നിയോഗിക്കുന്നതിനും, ആവശ്യാനുസൃതമായി 8 ബയോ-ഇൻപുട്ട് റിസോഴ്സ് സെന്ററുകൾ (BRCs) സ്ഥാപിക്കുന്നതിനും അനുമതി ലഭ്യമായിട്ടുണ്ട്.

രണ്ട് വർഷം തുടർച്ചയായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (NMNF) കേരളത്തിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 14 ജില്ലകളിലായി 50 ഹെക്ടർ വീതം വിസ്തൃതിയുള്ള 102 ക്ലസ്റ്ററുകളിലായി 5100 ഹെക്ടർ വിസ്തൃതിയിൽ പ്രകൃതി കൃഷി നടപ്പിലാക്കി വരുന്നു. പ്രകൃതി കൃഷി കൂടുതൽ കർഷകരിലേക്ക് എത്തിക്കുന്നതിന് പരിശീലനപരിപാടികൾ നടത്തി വരുന്നു. കൂടാതെ പ്രകൃതി കൃഷിയ്ക്കായുള്ള ഉല്പാദനോപാധികൾ നിർമ്മിക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ട ബയോ ഇൻപുട്ട് റിസോഴ്സ് സെൻററുകൾക്ക് (BRC) സാമ്പത്തിക സഹായം നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ 2026-27 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാനത്തിന് 27പുതിയ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനും, 3,375പുതിയ കർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും,അധികമായി 1,350 ഹെക്ടർ വിസ്തൃതിയിൽ പദ്ധതി വ്യാപിപ്പിക്കുന്നതിനും, 54 കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരെ (CRPs) നിയോഗിക്കുന്നതിനും, ആവശ്യാനുസൃതമായി 8 ബയോ-ഇൻപുട്ട് റിസോഴ്സ് സെന്ററുകൾ (BRCs) സ്ഥാപിക്കുന്നതിനും അനുമതി ലഭ്യമായിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ 381 ഗ്രാമ പഞ്ചായത്ത്(GP)തലത്തിലെ 12750 ബോധവൽക്കരണപരിപാടിയും കർഷകർക്ക് ഔട്ട്പുട്ട് അടിസ്ഥാനത്തിലുള്ള പ്രോത്സാഹനവും 310 ഓറിയന്റേഷൻ പരിപാടികൾ 12695 രജിസ്റ്റർ ചെയ്ത കർഷകർക്ക് കിറ്റ് വിതരണം 37 BRC കൾക്കുമായി 37 ലക്ഷം രൂപ അങ്ങനെ മേൽ പ്രവർത്തനങ്ങൾക്കായി ആകെ 897.25ലക്ഷം രൂപ അനുവദിക്കുകയും ആയതിൽ 695.28448 ലക്ഷം രൂപ ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**